Roll No: | | | | | | | |

Code No. 12

# INDIAN SCHOOL, AL GHUBRA, MUSCAT

## SUMMATIVE ASSESSMENT-II: 2016 (SAMPLE PAPER)

## CLASS: X – MALAYALAM 2ND LANGUAGE

## മലയാളം

Time allowed: 3 hrs — M.Marks: 90

*അനുവദിച്ച സമയം: 3 മണിക്കൂർ* — *ആകെ മാർക്ക്: 90*

*General Instructions:*

- Please check that this question paper contains 4 printed pages.
- Code number given on the right, hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains 8 questions
- Please write down the Serial Number of the question before attempting it.
- The Question Paper is divided in to four sections:-

| | | |
|---|---|---|
| Section | A:Reading Comprehension | – 10 marks |
| Section | B:Writing | – 14 marks |
| Section | C:Grammar | – 18 marks |
| Section | D: Literature | – 48 marks |

- 15 minutes time has been allotted to read this question paper. The students will read the question paper only and will not write any answer on the answer-book during this period.

### SECTION-A/ എ. വിഭാഗം (10 Marks)

1. ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

മനുഷ്യൻ കാലത്തിൻെറ വഴിക്കു ചിന്തിക്കുവാൻ തുടങ്ങിയതോടെയാണ് ചരിത്രം ആരംഭിച്ചത്. ഭൂതകാല സംഭവങ്ങളുടെ സമാഹാരമാണ് ചരിത്രമെന്നാണ് പൊതുധാരണ. എന്നാൽ ഭൂതവർത്തമാനഭാവികൾ ചരിത്രത്തിൻെറ കണ്ണികളാൽ ബന്ധിക്കപ്പെടുന്നു. കഴിഞ്ഞകാല സമൂഹത്തെപ്പറ്റി മനുഷ്യന് മനസ്സിലാക്കുവാൻ കഴിയുക, വർത്തമാനകാല സമൂഹത്തിന്മേൽ അവൻെറ അധികാരം വർദ്ധിപ്പിക്കുക എന്ന രണ്ടു ധർമ്മങ്ങൾ ചരിത്രത്തിനുണ്ട്. ഫോക്‌ലോർ ചരിത്രപരമായ ശാസ്ത്രമാണ്. മനുഷ്യൻ ആർജിച്ച സംസ്കാരപാരമ്പര്യധാര എന്ന് നാടോടിവിജ്ഞാനത്തെയും ചരിത്രവിജ്ഞാനത്തെയും ഒരുപോലെ വിശേഷിപ്പിക്കാം. കഴിഞ്ഞകാലത്തെ മനുഷ്യസമൂഹത്തിൻെറ അറിവും സങ്കൽപ്പങ്ങളും അഭിലാഷങ്ങളും അഭിരുചികളുമെന്തെന്ന് വർത്തമാനഭാവികാലങ്ങളെ അറിയിക്കുവാൻ ഈ രണ്ടു വിജ്ഞാനീയങ്ങളും സഹായകങ്ങളാണ്. ഓരോ ദേശത്തിനും ഓരോ പ്രദേശത്തിനും തനതായ പാരമ്പര്യമുണ്ട്. ദേശചരിത്രം, പ്രാദേശിക ചരിത്രം, സ്ഥലപുരാണം മുതലായ വിഭാഗങ്ങളുമായി ഫോക്‌ലോർ ബന്ധപ്പെടുന്നു. ഒരു ദേശത്തിൻെറ നാടോടിവിജ്ഞാനം, ഒരർത്ഥത്തിൽ അവരുടെ സാംസ്കാരിക ചരിത്രം കൂടിയാണ്.

(i) ചരിത്രത്തിനുള്ള രണ്ടു ധർമ്മങ്ങൾ എന്തെല്ലാം ? 2

(ii) ചരിത്രത്തെപ്പറ്റിയുള്ള പൊതുധാരണയെന്തായിരുന്നു ? 2

(iii) ഫോക്‌ലോർ എന്തെല്ലാമായി ബന്ധപ്പെടുന്നു ? 2

(iv) ചരിത്രം ആരംഭിച്ചതെപ്പോൾ ? 2

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകമെഴുതുക. 2

## SECTION-B/ ബി. വിഭാഗം (14 Marks)

2. (i) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 7

(a) അഴിമതി ഒരു സാമൂഹികവിപത്ത്

(b) വായനാശീലം വിദ്യാർത്ഥികളിൽ

(c) വനസംരക്ഷണത്തിന്റെ പ്രാധാന്യം

(ii) നിങ്ങളുടെ പ്രദേശത്തെ പുഴ മലിനമാകുന്നതു പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാകളക്ടർക്ക് ഒരു കത്തെഴുതുക. 7

## SECTION-C/ സി. വിഭാഗം (18 Marks)

3. (a) പ്രയോഗം മാറ്റുക 1

അയാൾ അവളുടെ അമ്മയെ ഓർത്തു.

(b) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. 1

ഇവയിലൊന്നിലൂടെ അരക്കിലോമീറ്ററോളം പോകുമ്പോൾ വഴി കുന്നിറങ്ങിത്തുടങ്ങുന്നു.

(c) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 1

തന്റെ പ്രതിഷേധം വകവയ്ക്കാതെ അവർ അതിനെ എവിടെയോ കൊണ്ടുപോയി വിട്ടു.

(d) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 1

തൊട്ടുമുമ്പ് അവർ, കച്ചവടം മതിയാക്കി പോകാനായി ഒരുങ്ങുന്ന ഒരു വഴിവാണിഭക്കച്ചവടക്കാരന്റെ കൈയിൽ നിന്ന് മകനുള്ള ഷർട്ട് പിശകി വാങ്ങുന്നത് അയാൾ കണ്ടിരുന്നു.

4. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

(a) പര്യായപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

(i) മേഘം (ജലദം, വാരി, ഉഷസ്സ്, നീരദം)

(ii) രാത്രി (അന്തി, നിശ, വൃന്ദം, രജനി)

(b) നാനാർത്ഥപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

(i) വർണം (കൊടി, നിറം, തലമുറ, ജാതി)

(ii) മുടി (സ്വർണം, കിരീടം, തലമുടി, ചെമ്പ്)

(c) വിപരീതപദം എഴുതുക (2 x 1 = 2)

(i) ധൂർത്ത് (ചെലവ്, വർഗം, പിശുക്ക്, തിരക്ക്)

(ii) മൃദുലം (കഠിനം, സകലം, വികലം, നേർത്ത)

(d) പദങ്ങളുടെ അർത്ഥവ്യത്യാസം എടുത്തെഴുതുക (2 x 1 = 2)

(i) ആഹാരം-ആകാരം (നിരാശ, ഭക്ഷണം, ഉറപ്പ്, രൂപം)

(ii) വനം-വാനം (കാട്, കാഴ്ച, ആകാശം, നിലാവ്)

(e) എതിർലിംഗം എഴുതുക (2 x 1 = 2)

(i) വിദഗ്ദ്ധ (കഴിവുള്ളവൾ, വിദഗ്ദ്ധി, വിദഗ്ദ്ധൻ, വൈദഗ്ദ്ധ്യം)

(ii) ഏക (ഏകാകിനി, ഏകി, ഏകിനി, ഏകൻ)

5. (a) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (2 x 1 = 2)

(i) പ്രശ്നമില്ല

(ii) ജീവാത്മാവ്

(b) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക (2 x 1 = 2)

(i) ഗ്രാമജീവിതം

(ii) അജ്ഞാതരഹസ്യം

## SECTION-D/ ഡി. വിഭാഗം ( 48 Marks)

6. (a) ഉത്തരമെഴുതുക

(i) തന്നെ ഉരുളികുന്നംകാരനാക്കിയതിനു സക്കറിയ നന്ദിയറിയിക്കുന്നത് ആർക്കെല്ലാമാണ്? 4

(ii) അവൾ ഉറക്കച്ചടവോടെ എഴുന്നേറ്റിരുന്ന് അവരുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു. പിന്നെ എഴുന്നേറ്റ് അയാളുടെ കൈ പിടിച്ച് ഒപ്പം നടന്നുപോയി. സന്ദർഭം വിശദമാക്കുക. 4

(iii) അനാഥയായ പെൺകുട്ടിയെ ഒഴിവാക്കി വീട്ടിലെത്തിയ കഥാനായകൻ കുട്ടിക്കാലത്ത് തെരുവിൽനിന്ന് വീട്ടിലേക്ക് എടുത്തുകൊണ്ടുവന്ന പൂച്ചക്കുട്ടിയെക്കുറിച്ച് ഓർത്തുപോകുന്നു. കഥാനായകന്റെ ഈ ഓർമയ്ക്ക് കഥയിൽ എന്തു പ്രസക്തിയാണുള്ളത്? പരിശോധിക്കുക. 4

(iv) തന്റെ വീടിനെക്കുറിച്ചുള്ള സക്കറിയയുടെ ഓർമ്മകൾ എഴുതുക. 4

(b) (i) അടുത്തൂൺ പറ്റി സ്വന്തം ഗ്രാമത്തിൽ തിരിച്ചെത്തിയ കവിയോട് നഗരത്തിന്റെ പരിഹാസം നിറഞ്ഞ കുശലാന്വേഷണം എന്തായിരുന്നു? 4

(ii) 'സൗന്ദര്യപൂജ' യിലൂടെ പ്രകൃതിയിൽ കവി തെളിയിച്ചെടുക്കുന്ന മനുഷ്യഭാവങ്ങൾ എന്തെല്ലാമാണ്? പ്രകൃതി വർണ്ണനകളെ എങ്ങനെയാണ് അവ ജീവത്താക്കുന്നത്? 4

(iii) 'അറിയുമേ ഞങ്ങ,ളറിയുമീ നാടു
നരകമാക്കീടും നരകീടങ്ങളെ
പഹയന്മാരോടു പകരം വീട്ടട്ടേ
പകയിൽ നീറുന്ന വരുന്ന കാലങ്ങൾ.' - ആശയം വിശദമാക്കുക. 4

(iv) 'സുപ്രഭാതത്തോടൊപ്പം ജീപ്പിൽ വന്നിറങ്ങുന്ന നഗരം' - ഈ പ്രയോഗത്തിൽ എന്തൊക്കെ ഭാവങ്ങൾ തെളിയുന്നുണ്ട്? കണ്ടെത്തലുകൾ പൊതുവായി അവതരിപ്പിക്കുക. 4

7. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക. (8 x ½ = 4)

(a) ആസ്സാം പണിക്കാർ എന്ന കവിത ഏതു കൃതിയിൽ നിന്ന്? – (കന്നിക്കൊയ്ത്ത്, വിത്തും കൈക്കോട്ടും, കുടിയൊഴിക്കൽ, മകരക്കൊയ്ത്ത്)

(b) താഴെ കൊടുത്ത കൃതികളിൽ അക്കിത്തത്തിൻേറതല്ലാത്തത് ഏത്? (ഇരുപതാം നൂറ്റാണ്ടിൻെറ ഇതിഹാസം, താമരത്തോണി, ആലഞ്ഞാട്ടമ്മ, ബലിദർശനം)

(c) മുക്തകണ്ഠം ഘോഷിച്ചത് (ഏകാന്തനിദ്രാണത്വം, നിലപ്പനപ്പൂവിനാറിതൾ, ഭൂതകാലാഹ്ലാദം, വൈചിത്ര്യരാഹിത്യം)

(d) അവൾ നീരാടവേ നീലദർപ്പണം .......... (സ്വർഗീയസൗഭഗം, ഭാവനാമണിപത്തനം, പാഴ്ച്ചളിക്കുളം, ശാരദകന്യക)

(e) 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥ ഏതു സമാഹാരത്തിൽപ്പെടുന്നു? (ദിനോസറിൻെറ കുട്ടി, അനിതയുടെ വീട്, കുങ്കുമം വിതറിയ വഴികൾ, സൂക്ഷിച്ചുവച്ച മയിൽപ്പീലി)

(f) വാത്സല്യത്തോടെ കുശലം ചോദിച്ചതാര്? (ഗ്രാമം, മുക്കുറ്റിപ്പൂ, സദനം, പട്ടണം)

(g) 'ഒരു വാശിയുടെ കഥയാണ്. എവിടെയും കിട്ടാത്ത ആ നിറം തനിക്കും കിട്ടുമോ എന്നു നോക്കട്ടെ.' – വാശിയാർക്ക്? (നീനയ്ക്ക്, അച്ഛന്, സക്കറിയയ്ക്ക്, രമണിക്ക്)

(h) പാലാ–പൊൻകുന്നം റോഡിലാണ് (കാഞ്ഞങ്ങാട്, നീർച്ചോല, അരുവിപ്പുറം, മടുക്കക്കുന്ന് പാലം)

8. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (2 x 6 = 12)

(a) ദ്വീപിൽ നിന്നും സ്വന്തം നാട്ടിലേക്കുള്ള അപ്പുവിൻെറ മടക്കയാത്രയുടെ പ്രത്യേകതകൾ വിവരിക്കുക.

(b) 'ലോകശാസ്ത്ര കോൺഗ്രസ്സിലേക്ക് അപ്പുവിനെ ക്ഷണിച്ചു. ഡോക്ടർമാരുടെ ഡോക്ടർ എന്നു പറഞ്ഞ് എല്ലാവരും അംഗീകരിച്ചു.' – ഈ പ്രസ്താവനയുടെ പൊരുൾ പരിശോധിക്കുക.

(c) മരിച്ചവരെ പുനർജ്ജനിപ്പിക്കാമെന്ന പൗരാണികസങ്കല്പം എത്രമാത്രം യാഥാർത്ഥ്യമായിത്തീരുമെന്ന് മൃതസഞ്ജീവനി എന്ന കൃതിയെ അടിസ്ഥാനമാക്കി വിലയിരുത്തുക.